# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെഎസ്എ-കെടിഎം.പി-8/411 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 18/04/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെഎസ്എ-കെടിഎം.പി-8/411 /2022 തീയ്യതി: 18/04/2022

## കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം.എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ. | 14-02-2022 | 25-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 25-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ രതീഷ് സി ആർ,ഓഡിറ്റ് ഓഫീസർ

ശ്രീ സുമേഷ് പി വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ യോഗേഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ആൽബിൻ സിറിയക്,ഓഡിറ്റർ

ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വി ജി മോഹനൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീമതി ഷാജിമോൾ എൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സുനിൽ എസ് | സെക്രട്ടറി | 01-04-2020 | 03-03-2021 |
| ശ്രീമതി ഷീജാമോൾ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ധന്യ ഗോപാലകൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി തെരേസ അലക്സ് | കൃഷി ഓഫീസർ | 01-04-2020 | 24-08-2020 |
| ശ്രീ അരുൺ കുമാർ | കൃഷി ഓഫീസർ | 24-08-2020 | 30-11-2020 |
| ശ്രീമതി ശ്രീജ.എം | കൃഷി ഓഫീസർ | 30-11-2020 | 31-03-2021 |
| ശ്രീമതി ബിന്ദു എൽ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ അജിത്കുമാർ എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. സുമ കെ ബി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി വിദ്യ വേലായുധൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.സുധർമ്മിണി ടി തങ്കപ്പൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2020 | 08-03-2021 |
| ഡോ.ബിജു ജോൺ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 09-03-2021 | 31-03-2021 |
| അനില കെ എസ് | വി ഇ ഓ | 01-04-2020 | 31-03-2021 |
| ചിത്തിര എസ് | വി ഇ ഓ | 01-04-2020 | 31-03-2021 |
| സതീഷ് കുമാർ കെ.ഡി. | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഷീജമോൾ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. സുമൻ ബാബു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സോണിരാജ് | ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ | 02-11-2020 | 09-02-2021 |
| ബ്ലെസ്സി ജോഷി | ഫിഷറീസ് എക്സറ്റൻഷൻ | 14-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

01/12/2020 മുതൽ 29/12/2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു. 01/04/2020 മുതൽ 10/11/2020 വരെയും 10/02/2021 മുതൽ 13/02/2021 വരെയും ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക ഒഴിവായിരുന്നു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yogesh R (Senior Grade Auditor, On 22-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 18-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-04-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Ratheesh C R (Audit Officer, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yogesh R (Senior Grade Auditor, On 24-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-10 |
| 11 | ആംബുലൻസ് വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രസീതുകളുടെ പരിപാലനം - അപാകതകൾ<br>Written By: Bineeth Rajan (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-11 |
| 12 | ബാങ്ക് ചാർജ് ഇനത്തിൽ ഭീമമായ തുക ഈടാക്കുിയിരിക്കുന്നു.<br>Written By: Bineeth Rajan (Auditor, On 24-02-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 26-02-2022) | 1-12 |
| 13 | ചെക്കുകൾ നാളിതുവരെ കളക്ഷൻ ആയിട്ടില്ല<br>Written By: Bineeth Rajan (Auditor, On 24-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-13 |
| 14 | വസ്തു നികുതി- എയർകണ്ടീഷൻ സൗകര്യത്തിനാനുപാതികമായ വർദ്ധനവ് വരുത്തിയിട്ടില്ല .<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-04-2022) | 1-14 |
| 15 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-04-2022) | 1-15 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 26-02-2022) | 1-16 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-17 |
| 18 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-18 |
| 19 | വാടക കുടിശ്ശിക - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 25-02-2022) | 1-19 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | |
| 20 | ലേലം- അപാകതകൾ<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-20 |
| 21 | മീറ്റ് സ്റ്റാൾ - അറ്റ കുറ്റ പണി നടത്താത്തത് മൂലം വരുമാന നഷ്ടം<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-21 |
| 22 | വിനോദ നികുതി സെസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 1802292 രൂപയുടെ ബാദ്ധ്യത<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 26-02-2022) | 1-22 |
| 23 | ആട് വളർത്തൽ-വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-23 |
| 24 | മുട്ടക്കോഴി വളർത്തൽ (ജനറൽ) -വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-24 |
| 25 | മുട്ടക്കോഴി വളർത്തൽ - വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-25 |
| 26 | എസ്.സി വിവാഹധനസഹായം - വരുമാനപരിധി പാലിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-26 |
| 27 | അഗതിരഹിതകേരളം - അടിസ്ഥാനവികസനം നടപ്പാക്കുന്നില്ല.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-27 |
| 28 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട് - നടപ്പാക്കിയില്ല<br>Written By: Bineeth Rajan (Auditor, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-28 |
| 29 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -പ്രോജക്ട് നടപ്പാക്കിയില്ല<br>Written By: Bineeth Rajan (Auditor, On 23-02-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 26-02-2022) | 1-29 |
| 30 | പാലിനു സബ്സിഡി - എല്ലാ മാസങ്ങളിലും സബ്സിഡി നൽകിയിട്ടില്ല.<br>Written By: Bineeth Rajan (Auditor, On 24-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-30 |
| 31 | പത്രപരസ്യം- അനുവദനീയമായ ഡിസ്‌ക്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Ratheesh C R (Audit Officer, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-31 |
| 32 | ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | 1-32 |
| 33 | ഗ്രാമ പഞ്ചായത്തിലെ അനുബന്ധ സ്ഥാപനങ്ങൾ നിലവിലും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.<br>Written By: Ratheesh C R (Audit Officer, On 26-02-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 26-02-2022) | 1-33 |
| 34 | വീട് വാസയോഗ്യമാക്കൽ പദ്ധതി- ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 1-34 |
| 35 | പഠനമുറി - പൂർത്തിയാക്കിയില്ല.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 1-35 |
| 36 | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി - അവലോകനം<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-04-2022) | 1-36 |
| 37 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |

| | | |
|---|---|---|
| | Written By: Ratheesh C R (Audit Officer, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-04-2022) | |
| 38 | ലൈബ്രറി സെസ് അടച്ചതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതാണ്<br>Written By: Ratheesh C R (Audit Officer, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 1-38 |
| 39 | ഇ-ടെണ്ടർ- ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.<br>Written By: Ratheesh C R (Audit Officer, On 26-02-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 26-02-2022) | 1-39 |
| 40 | ലൈഫ് പദ്ധതി അവലോകനം. 2020-21<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 1-40 |
| 41 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ<br>Written By: Bineeth Rajan (Auditor, On 22-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-04-2022) | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Bineeth Rajan (Auditor, On 15-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Bineeth Rajan (Auditor, On 15-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bineeth Rajan (Auditor, On 16-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bineeth Rajan (Auditor, On 16-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Bineeth Rajan (Auditor, On 16-02-2022)<br>Last Updated By: Bineeth Rajan (Auditor, On 23-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Bineeth Rajan (Auditor, On 16-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 16-02-2022)<br>Last Updated By: Bineeth Rajan (Auditor, On 16-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bineeth Rajan (Auditor, On 16-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Bineeth Rajan (Auditor, On 16-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് 16.02.2021 തീയതിയിലെ 3(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 15500031 | 11646738.05 |
| വരവ് | 143039487 | 67887247 |
| ആകെ | 158539518 | 79533985.05 |
| ചെലവ് | 150749696 | 67451644 |
| നീക്കിയിരിപ്പ് | 7789822 | 12082341.05 |

### 1-2 വാർഷിക ധനകാര്യ പത്രിക

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 146599558/- രൂപയും ചെലവ് 157068796 /- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 10469238/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം70728657.30 /- രൂപയും ബാധ്യതകളുടെ മൂല്യം 64435076.40 /- രൂപയും ജനറൽ ഫണ്ട് 6293580.90 /- രൂപയുമാണ്. 2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എംഎസ്)152/11/തസ്വഭവ തീയതി 26.09.11ലെ നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.
3. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(4)എച്ച് പ്രകാരം കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതി സംബന്ധിച്ച് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി.കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
5. കേരള ബാങ്കിലെ തനത് ഫണ്ട് അക്കൗണിടിൽ 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല .
6. ആംബുലൻസ് വാടകയ്ക്ക് നൽകുന്നതിൽ നിന്നുള്ള വരവ് തുക Hire Charges Of Ambulance, Hire Charges Of Other Vehicle എന്നീ രണ്ട് ശീർഷകങ്ങളിലായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.
7. കോവിഡ് പ്രധിരോധ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നുമുള്ള ചെലവ് പൂർണ്ണമായും Expenses Related To Pandemic/Epidemic Control എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.
8. Slaughter House വരവ് സബന്ധിച്ച് ഡി.സി.ബി രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ പ്രസ്തുത ഇനത്തിലെ ഡിമാന്റ്, വരവ്,നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
9. തൊഴിലുറപ്പ് പദ്ധതി വരവ് -ചെലവുകൾ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11646738.05 |
| ഓഡിറ്റ് വർഷത്തെ വരവ് | 67887247 |
| ആകെ | 79533985.05 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 67451644 |
| നീക്കിയിരിപ്പ് | 12082341.05 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 648475 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18571117 | 18571117 | 13485061 | 5086056 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8473000 | 8473000 | 5424847 | 3048153 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 254000 | 254000 | 24000 | 230000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11620000 | 11620000 | 8502851 | 3117149 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4104066 | 4104066 | 2512211 | 1591855 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 5270000 | 5270000 | 1086949 | 4183051 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | | 8835606 | 8835606 | 5541574 | 3294032 |
| തൊഴിലുറപ്പ് പദ്ധതി | 930.50 | 23468841 | 23469771.5 | 23469754 | 17.5 |
| ഐ.സി.ഡി.എസ് | 1232856 | 696697 | 1929553 | 1867880 | 61673 |
| റ്റി.എസ്.സി | 494330 | 2400991 | 2895321 | 1497448 | 1397873 |

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1329482 രൂപ, 219647രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 257/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 365882 | വികസനഫണ്ട് പൊതുവിഭാഗം |
| 243/21 അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 321200 | വികസനഫണ്ട് പൊതുവിഭാഗം |
| 244/21<br>അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 321200 | വികസനഫണ്ട് പൊതുവിഭാഗം |
| 256/21<br>അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 321200 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | **1329482** | |
| 246/21 | 109824 | വികസനഫണ്ട് |

| | | |
|---|---|---|
| ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | | എസ്.സി.പി. |
| 258/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 109823 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | **219647** | |

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

വാർഷികപദ്ധതിയുടെ അംഗീകാരം

| | |
|---|---|
| ജില്ലാ ആസൂത്രണസമിതി അംഗീകാരം (നമ്പർ/ തീയതി ) | 80898/20/DPC/DPO/KTM/03.02.2021 |
| വാർഷിക പദ്ധതി - ഭരണസമിതി അംഗീകാരം (നമ്പർ/ തീയതി ) | 2(3) – 10.03.2020 |

**വാർഷികപദ്ധതി രൂപീകരണഘട്ടങ്ങൾ**

| **പ്രവർത്തനഘട്ടം** | **നടത്തിയ തീയതി** |
|---|---|
| ആസൂത്രണസമിതിയോഗം | 13.12.2019 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 19.12.2019 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 26.01.2020<br>മുതൽ 09.02.2021 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 29.11.2019 |
| ഊരുകൂട്ടയോഗം | 29.11.2019 |
| വികസന സെമിനാർ | 05.03.2020 |

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 204 | 141 | 107021254 | 48343784 | 45.17 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

2020-21 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ 2020-21 | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 4704939 | 3779742 | 80.34 |
| വെറ്ററിനറി സർജൻ | 8 | 7 | 2740600 | 1982200 | 72.33 |
| മെഡിക്കൽഓഫീസർ, | 2 | 2 | 700000 | 675727 | 96.53 |

| | | | | | |
|---|---|---|---|---|---|
| പി.എച്ച്.സി. | | | | | |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 1182000 | 344346 | 29.13 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 11 | 39971568 | 9636953 | 24.11 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 4118903 | 4052903 | 98.4 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 700000 | 700000 | 100 |
| സെക്രട്ടറി | 31 | 22 | 9088819 | 5529142 | 60.83 |
| ഹെഡ്മാസ്റ്റർ ഗവ. എൽ. പി. എസ് . | 1 | 0 | 70000 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 119 | 75 | 41966745 | 20476891 | 48.79 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 1577680 | 965880 | 61.22 |
| ആകെ | 204 | 141 | 107021254 | 48343784 | 45.17 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 722 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 93 പദ്ധതികളിൽ 40 എണ്ണം പൂർത്തീകരിച്ചു. 2020-21 വർഷം 15 ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 72034 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2020-21 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 61.88.49 ആണ്. 1164 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോടുകൾ,വാചാലുകൾ ആഴം കൂട്ടൽ,തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം കാഷ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 930.50 | 747240 | 748170.5 | 748153 | 17.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22721601 | 22721601 | 22721601 | 0 |
| ആകെ | 930.5 | 23468841 | 23469771.5 | 23469754 | 17.5 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45720 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 7794100 | 408 |
| വിധവാപെൻഷൻ | 11143000 | 594 |
| വാർദ്ധക്യകാലപെൻഷൻ | 33574400 | 1889 |
| വികലാംഗപെൻഷൻ | 5051900 | 263 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള | 1052000 | 56 |

| | | |
|---|---|---|
| പെൻഷൻ | | |
| വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2022 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15805 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

**1) പൊതുനിയന്ത്രണം**

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

**2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

**4) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**5) ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**6) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7) **രസീതുകളുടെ പരിപാലനം**

രസീത് ബുക്കുകൾ പണം പിരിവിനായി വിതരണം ചെയ്യുമ്പോൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിന്നില്ല.കൂടാതെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 10 C അനുശാസിക്കും പ്രകാരം രസീതുകളുടെ ഒർജിനലിനു പകരം ഡ്യൂപ്ലിക്കേറ്റ് കോപ്പി മാത്രം സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു.രസീതുകളുടെ പരിപാലനത്തിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 03.05.2021 | 01.04.2020- | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | 04.05.2021 | 31.03.2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/03/2014 – 25/04/ | 2008/09 – 2012/13 | LBA(HQ)11/8A-2144/84 Dt 03/06/14 |

**1-11 ആംബുലൻസ് വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രസീതുകളുടെ പരിപാലനം - അപാകതകൾ**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള ആംബുലൻസ് വാടകയ്ക്ക് നൽകുന്നതിലേയ്ക്കായി നൽകിയ രസീതുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.രസീതു പ്രകാരം പിരിച്ചെടുത്ത തുകകൾ പഞ്ചായത്തിൽ പൂർണ്ണമായും അടവാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മാസം | രസീത് നമ്പർ | പിരിച്ചെടുത്ത തുക | പഞ്ചായത്തിൽ അടവാക്കിയ തുക | ബാലൻസ് |
|---|---|---|---|---|---|
| 1 | 08/2019 | 41-53 | 12580 | 9700 | 2880 |
| 2 | 09/2019 | 54-82 | 24810 | 22400 | 2410 |
| 3 | 10/2019 | 83-112 | 20600 | 19100 | 1500 |
| 4 | 11/2019 | 113-147 | 29300 | 25600 | 3700 |
| 5 | 12/2019 | 148-168 | 28180 | 23700 | 4480 |
| 6 | 01/2020 | 169-198 | 30600 | 20200 | 10400 |
| 7 | 03/2020 | 218-231 | 13400 | 9150 | 4250 |
| 8 | 04/2020 | 232-246 | 11000 | 7600 | 3400 |
| 9 | 05/2020 | 247-255 | 7900 | 4800 | 3100 |
| 10 | 06/2020 | 256-276 | 17200 | 10800 | 6400 |
| 11 | 07/2020 | 277-297 | 19500 | 9700 | 9800 |
| 12 | 08/2020 | 298-308 | 9200 | 2900 | 6300 |
| 13 | 09/2020 | 309-322 | 15600 | 9090 | 6510 |
| 14 | 10/2020 | 323-331 | 9100 | 0 | 9100 |
| | | | | ആകെ | 74230 |

11/2020 മുതൽ 03/2021 വരെയുള്ള കാലയളവിൽ പിരിവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ കാലയളവിൽ രസീതുകൾ ഉപയോഗിച്ചിട്ടില്ല. പിരിവ് നടത്തിയിട്ടുണ്ടെങ്കിൽ അടവ് വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ രസീതുകൾ ഉപയോഗിക്കുകയോ കാൻസൽ ചെയ്യുകയോ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(28/24.02.2022) ലഭ്യമാക്കിയ മറുപടിയിൽ അടവാക്കാതെ അവശേഷിക്കുന്ന തുക പിരിവ് നടത്തിയ ആംബുലൻസ് ഡ്രൈവറുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഉപയോഗിക്കാത്ത രസീതുകൾ കാൻസൽ ചെയ്തതായും അറിയിച്ചു. രസീതുകളുടെ പരിപാലനം സംബന്ധിക്കുന്ന മേൽ അപാകതകൾ ഓഡിറ്റ് ഗൗരവമായി നിരീക്ഷിക്കുന്നു. പണംപിരിവ് സംബന്ധിക്കുന്ന രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണവും

അവ്യക്തവുമാണ്.രസീത് മുഖേന പിരിച്ച തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തുന്നതിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കോവിഡ് 19 മഹാമാരി പോലയുള്ള അടിയന്തര സാഹചര്യങ്ങളിലും അപകടഘട്ടങ്ങളിലുമാണ് ആംബുലൻസിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. ഇത്തരം പ്രതികൂല സാഹചര്യങ്ങളിലും മറ്റും പ്രവർത്തിക്കേണ്ട അവസരങ്ങളിൽ പണംപിരിവിനുള്ള പ്രായോഗികപ്രശ്നങ്ങൾ മനസ്സിലാക്കി പണംപിരിവ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും മേൽ പിരിവുമായി ബന്ധപ്പെട്ട പണംഒടുക്ക്, അക്കൗണ്ടിംഗ് പ്രവർത്തികൾ സുതാര്യമാക്കേണ്ടതുമാണ്. ഭരണസമിതി മേൽ വിഷയം അടിയന്തരമായി ചർച്ച ചെയ്യേണ്ടതും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. കൂടാതെ അടവാക്കാത്ത തുക ഡ്രൈവറുടെ വേതനത്തിൽ നിന്നും ക്രമീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-12 ബാങ്ക് ചാർജ് ഇനത്തിൽ ഭീമമായ തുക ഈടാക്കിയിരിക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പ്രകാരം ബാങ്ക് ചാർജ്ജ് ഇനത്തിൽ 10299 രൂപ ചെലവുള്ളതായി കാണുന്നു. ബന്ധപ്പെട്ട ലെഡ്ജറിൽ നടത്തിയ പരിശോധനയിൽ എസ് ബി ഐ ഇ പെയ്മെന്റ് ബാങ്കിൽ നിന്നും 9506/- രൂപ 30.06.2020 ൽ ബാങ്ക് ചാർജ്ജായി ഈടാക്കിയിട്ടുള്ളതാണ്. ഭീമമായ തുക ബാങ്ക് ചാർജ് ഇനത്തിൽ ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാങ്കുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമാക്കുമെന്ന് അറിയിച്ചു.വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 ചെക്കുകൾ നാളിതുവരെ കളക്ഷൻ ആയിട്ടില്ല**

03/ 2021 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ നാളിതുവരെ കളക്ഷൻ ആയതായി കാണുന്നില്ല.

| ക്രമനമ്പർ | ചെക്ക് നമ്പർ / തീയതി | തുക |
|---|---|---|
| 1 | 654272/24.06.19 | 950/- |
| 2 | 426023/17.09.18 | 750/- |
| 3 | 425092/04.09.18 | 1250/- |
| | ആകെ | 2950/- |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/23.02.22) ലഭ്യമാക്കിയ മറുപടിയിൽ ബാങ്കുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ചെക്കുകൾ നാളിതുവരെ പണമാകാതെ അവശേഷിക്കുന്നത് അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. 2018, 2019 വർഷങ്ങളിൽ പഞ്ചായത്തിൽ ലഭിച്ച് മേൽ ചെക്കുകൾ പ്രകാരമുള്ള തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 വസ്തു നികുതി- എയർകണ്ടീഷൻ സൗകര്യത്തിനാനുപാതികമായ വർദ്ധനവ് വരുത്തിയിട്ടില്ല .**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ, ചട്ടം6, പട്ടിക 8 പ്രകാരം സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സൗകര്യമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ തലയോലപറമ്പ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് സൗകര്യമുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ പ്രസ്തുത വർദ്ധനവ് വരുത്തിയിട്ടില്ലയെന്ന് കാണുന്നു.

| **ക്രമ നമ്പർ** | **സ്ഥാപനം** | **കെട്ടിട നമ്പർ/ വിസ്തീർണ്ണം** | **ഉടമസ്ഥൻ** | **അടിസ്ഥാന വസ്തുനികുതി** | **ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി** | | | | **ഈടാക്കിയ വസ്തു നികുതി** | **കുറവ്** |
|---|---|---|---|---|---|---|---|---|---|---|
| | | | | | **വഴി സൗകര്യം (വർദ്ധനവ്)** | **എയർ കണ്ടീഷൻ സൗകര്യം (വർദ്ധനവ്)** | **കുറവ്** | **ആകെ** | | |
| 1 | മോർ സൂപ്പർ മാർക്കറ്റ് | 9/640 B-323.32 ച.മീ | വൽസമ്മ മാത്യു | 22632 | 4526 | 2263 | - | 29421 | 27159 | 2263 |
| 2 | ബിസ്മി ഹൈപ്പർ | 10/497 C – 493.65 | കെ.ബാബു | 44428 | 8885.7 | 4442.8 | - | 57757 | 53315 | 4442 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | മാർക്കറ്റ് | ച.മീ | | | | | | | | |
| 3 | ട്രെന്റ്സ്, തലയോലപറമ്പ് | 10/497 B – 493 ച.മീ | കെ.ബാബു | 44370 | 8874 | 4437 | - | 57681 | 53244 | 4437 |
| | ആകെ | | | | | | | | | 11142 |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/24.02.22) പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.
കൂടാതെ ക്രമ നം. 1 പ്രകാരമുള്ള കെട്ടിടത്തെ 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകൾ, സൂപ്പർ മാർക്കറ്റുകൾ (അടിസ്ഥാന വസ്തു നികുതി -90 രൂ/ച.മീ) എന്ന ഗണത്തിന് പകരം 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ (അടിസ്ഥാന വസ്തു നികുതി -70 രൂ/ച.മീ) എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി നിർണ്ണയത്തിൽ 6466.40 രൂപ (323.32x90-323.32x70=6466.40 രൂപ) കുറവ് വന്നിട്ടുള്ളതായി കാണുന്നു. പരാമർശിത കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയിന്മേൽ ബാധകമായ വർദ്ധനവുകളും ഇളവുകളും ലൈബ്രറി സെസ്സും ഉൾപ്പെടുത്തി വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-15 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203 (എ) വകുപ്പ് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 70 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട നിരക്ക് | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി | | | | നിർണ്ണയിച്ച അടിസ്ഥാന നികുതി | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|---|---|
| | | | | | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് (വഴി സൗകര്യം - 20%) | കുറവ് | ആകെ | | |
| 1 | നാരായണൻ | 1/709 B | 88.1 | | | | | | | |
| | | 1/709 C | 19 | | | | | | | |
| | **ആകെ** | | **107.1** | **70** | **7497** | **1499.4** | **-** | **8996.4** | **3855.6** | **5140.8** |
| | | 8/323 A | 61.1 | | | | | | | |
| | | 8/323 | 52.54 | | | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | B | | | | | | | | |
| 2 | ഫ്രാൻസിസ് ജോസഫ് | 8/323 C | 57.19 | | | | | | | |
| | | 8/323 D | 37.74 | | | | | | | |
| | | 8/323 E | 54 | | | | | | | |
| | | 8/323 F | 42.54 | | | | | | | |
| | **ആകെ** | | **305.11** | **70** | **21357.7** | **4271.54** | **-** | **25629.24** | **10983.96** | **14645.28** |
| 3 | ജോർജ്ജ് ജോസഫ് | 10/521 I | 7 | | | | | | | |
| | | 10/521 G | 42 | | | | | | | |
| | | 10/521F | 97 | | | | | | | |
| | | 10/521 C | 51 | | | | | | | |
| | | 10/521 M | 87.31 | | | | | | | |
| | | 10/521 J | 41.53 | | | | | | | |
| | **ആകെ** | | **325.84** | **70** | **22808.8** | **4561.76** | **-** | **27370.56** | **11730.24** | **15640.32** |
| | **ആകെ നഷ്ടം** | | | | | | | | | **35426.4** |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/23.02.22) പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശിത കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**<u>1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

2020-21 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | II |
| 2 | വിജയ ജ്വല്ലറി, തലയോലപ്പറമ്പ് | II |
| 3 | ഹോട്ടൽ മലബാർ | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/24.02.22)മേൽ സ്ഥാപന മേലധികാരികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-17 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

2020-21 വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ | സ്ഥാപനം | ഈടാക്കാത്ത |
|---|---|---|

| നം. | | അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.എഫ്.ഇ, തലയോലപ്പറമ്പ് | രണ്ട് |
| 2 | ഫെഡറൽ ബാങ്ക്, തലയോലപ്പറമ്പ് | രണ്ട് |
| 3 | ICF ഫിൻകോർപ്പ് ലിമിറ്റഡ് | രണ്ട് |
| 4 | കല്യാൺ ജ്വവലേഴ്സ് | രണ്ട് |
| 5 | എം.കെ.മോട്ടോഴ്സ് | രണ്ട് |
| 6 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് | രണ്ട് |
| 7 | ഇൻസ്റ്റാകാർട്ട് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ട് |
| 8 | ബി.എസ്.എൻ.എൽ, തലയോലപ്പറമ്പ് | രണ്ട് |
| 9 | വൈക്കം അർബൺ കോ ഓപ്പറേറ്റീവ് ബാങ്ക് | ഒന്ന് |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/24.02.22)മേൽ സ്ഥാപന മേലധികാരികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവരത്തിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം സ്ഥാപനങ്ങൾ 2020-21 വർഷം ഫീസ് അടവാക്കി ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ വിവരം | സ്ഥാപനത്തിന്റെ വിവരം |
|---|---|---|---|
| 1 | II/615 | ദിലീപ്കുമാർ.പി.വി, പൊന്റയിൽ വീട് | ഇൻവെർട്ടർ, യു.പി.എസ്,ബാറ്ററി വിൽപന |
| 2 | VI/555 | സുലോചന രമണൻ,മലയിൽ | റസ്റ്റോറന്റ്, ബേക്കറി നടത്തുന്നതിന് |
| 3 | XV/248 | സൂര്യാ സുരേന്ദ്രൻ,പഴയപാലം | വസ്ത്ര വ്യാപാരം നടത്തുന്നതിന് |
| 4 | X/563 | ജെസ്സി സാന്റി,വേലിക്കകത്ത് | പിവിസി പൈപ്പ് ഫിറ്റിംഗ്സ് സാനിറ്ററി വില്പന |
| 5 | III/518 | നൗഷാദ്.എം.ഇ,ഇടപ്പനാട്ട് | പലവ്യഞ്ജന-ബേക്കറി സ്റ്റേഷനറി വില്പന |
| 6 | I/306 | മനീഷ് എം മണി | ഇൻവെർട്ടർ,യു.പി.എസ്,ബാറ്ററി,സോളാർ പാനൽ വില്പന |
| 7 | XV/254,255 | ഷിബിൻ സദാനന്ദൻ,കണ്ടോംതറയിൽ | കോൾഡ് സ്റ്റോറേജ് നടത്തുന്നതിന് |
| 8 | VII/400 | റെജി.വി.വി,വാര്യത്തുകാല | സ്പെയർ പാർട്സ് വില്പന നടത്തുന്നതിന് |
| 9 | VIII/549 | ഷീബ.കെ.രാജൻ,വെട്ടുകുഴിയിൽ | ബേക്കറി,സ്റ്റേഷനറി സാധനങ്ങൾ വില്പന നടത്തുന്നതിന് |
| 10 | X/628 | അനൂപ് കലാം | റസ്റ്റോറന്റ് നടത്തുന്നതിന് |
| 11 | | കബീർ.എം.എ,മഠത്തിക്കാലായിൽ | ഫർണീച്ചർ യൂണിറ്റ് നടത്തുന്നതിന് |
| 12 | I/703 | രാജേഷ്.എച്ച്,രാജ്ഭവൻ | അപ്ഹോൾസ്റ്ററി& ഫർണീഷിംഗ് വർക്ക് നടത്തുന്നതിന് |

ഇത്തരത്തിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് ക്രമപ്രകാരമല്ല.ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**1-19 വാടക കുടിശ്ശിക - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

2020-21 ബാലൻസ് ഷീറ്റ് പ്രകാരം ബി-15 ഷെഡ്യൂൾ പ്രകാരം റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ്സ് (അരിയർ) എന്നയിനത്തിൽ 39934 രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം9/22.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും കുടിശ്ശിക വാടക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**1-20 ലേലം- അപാകതകൾ**

1. ലേലം- കുടിശ്ശിക ഈടാക്കിയിട്ടില്ല

ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന ഇനങ്ങൾ ലേലം കൊണ്ട കുത്തകക്കാരിൽ നിന്ന് ലേല തുക പൂർണ്ണമായി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഇനം | കുത്തകക്കാരൻ | ലേല തുക | അടച്ച തുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | സൂപ്പർ സ്പെഷ്യാലിറ്റി ഫിഷ് മാർക്കറ്റ് ഫീസ് പിരിവ് | സുബൈർ കോയ | 61500 | 56500 | 5000 |
| 2 | വടയാർ പ്രദേശത്ത് ഇറച്ചി വിൽക്കുന്നതിനുള്ള അവകാശം | സേവ്യർ മൈലാത്തു പള്ളി | 6000 | 1000 | 5000 |
| 3 | പടിഞ്ഞാറേ മീറ്റ് സ്റ്റാൾ | ഷെഫീക്ക് കുറുപ്പം പറമ്പിൽ | 253000 | 170000 | 83000 |
| 4 | വെളിന്തറ സസ്യ മാർക്കറ്റ് ഫീസ് പിരിവ് | മാനേജർ മർച്ചന്റ് അസോസിയേഷൻ | 75000 | - | 75000 |
| | | ആകെ | | | 168000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/22.02.22) കുടിശ്ശിക അടവാക്കുന്നതിനായി പ്രസ്തുത വ്യക്തികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

2. ലേല കുടിശ്ശിക - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2020-21 ബാലൻസ് ഷീറ്റ് ലെ ബി-15 ഷെഡ്യൂൾ പ്രകാരം റിസീവബിൾസ് ടുവേഡ്സ് മാർക്കറ്റ് റസീപ്റ്റ് (അരിയർ) എന്നയിനത്തിൽ 10000 രൂപയും റിസീവബിൾസ് ടുവേഡ്സ് സ്ലോട്ടർ ഹൗസ് റസീപ്റ്റ് (അരിയർ) എന്നയിനത്തിൽ 294099 രൂപയും കുടിശ്ശികയുള്ളതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം11/22.02.22) രേഖകൾ പരിശോധിച്ച് വിശദാംശങ്ങൾ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

3. അൺ സർവീസബിൾ മെറ്റീരിയൽസ് ലേലം ചെയ്തു നൽകിയിട്ടില്ല - 65310/- രൂപയുടെ നഷ്ടം

അസി . എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ മെയിന്റനൻസ് പ്രവൃത്തികളിൽ പൊളിച്ചെടുത്ത ഓടുകൾ , മരത്തിന്റെ ഉരുപ്പടികൾ മുതലായ അൺ സർവീസബിൾ മെറ്റീരിയൽസ് ലേലം ചെയ്തു നൽകുന്നതിനായി വാലുവേഷൻ നടത്തി ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പ്രവൃത്തി | അൺ സർവീസബിൾ മെറ്റീരിയൽസിന്റെ മൂല്യം |
|---|---|---|
| 279/ 20 | ഇളങ്കാവ് യു പി എസ് | ഓട് -1288/- |

| | | |
|---|---|---|
| | മെയിന്റനൻസ് | ആഞ്ഞിലി ഉരുപ്പടി - 56827/-<br>വിറകായി ഉപയോഗിക്കാനുള്ള ഉരുപ്പടി- 1068/-<br>20 Mm സ്റ്റീൽ ബാർ - 3204 /-<br>ആകെ -62387/- |
| 94/ 19 | 125-ആം നമ്പർ അങ്കണവാടി മെയിന്റനൻസ് | ഓട് 2010 /- |
| 221/ 21 | ഗവ യു പി എസ് തലയോലപ്പറമ്പ് മെയിന്റനൻസ് | ഓട് , തടി ഉരുപ്പടി 913 /- |

എന്നാൽ ലേലം സംബന്ധിച്ച ഫയൽ , രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഇവ ലേലം ചെയ്ത് നൽകിയതായി കാണുന്നില്ല . 65310/- രൂപയുടെ സാധനങ്ങൾ ലേലം ചെയ്ത് നൽകാത്തതിന്റെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 30/24.02.22) നല്കിയതിനുള്ള മറുപടിയിൽ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി അൺ സർവീസബിൾ മെറ്റീരിയൽസ് ലേലം ചെയ്ത് മുതൽ കൂട്ടേണ്ടതാണ്.

**<u>1-21 മീറ്റ് സ്റ്റാൾ - അറ്റ കുറ്റ പണി നടത്താത്തത് മൂലം വരുമാന നഷ്ടം</u>**

തലയോലപറമ്പ് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 06.03.19 തീയതിയിലെ അജണ്ട 2 തീരുമാനം-6 പ്രകാരം അറ്റകുറ്റ പണി നടത്താതെ പഞ്ചായത്ത് വക പടിഞ്ഞാറേ മീറ്റ് സ്റ്റാളിനോടൊപ്പമുള്ള കശാപ്പുശാല ലേലം ചെയ്യേണ്ടതില്ലയെന്നും മുൻ വർഷം (2018-19) മീറ്റ് സ്റ്റാളും കശാപ്പ്ശാലയും ലേലത്തിനെടുത്ത ഷെഫീക്ക് കുറുപ്പംപറമ്പിൽ എന്നയാൾക്ക് മാംസ വിൽപ്പന നടത്തുന്നതിനായി മീറ്റ് സ്റ്റാൾ മാത്രം 2018-19 വർഷത്തെ ലേല തുകയുടെ 40 % (ജി.എസ്.ടി ഉൾപ്പെടെ) ഈടാക്കി നൽകണമെന്നും തീരുമാനിച്ചു. ലേല രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷം മീറ്റ് സ്റ്റാളും കശാപ്പ്ശാലയും 550000 രൂപക്ക് ലേലത്തിനെടുത്ത ശ്രീ ഷെഫീക്ക് കുറുപ്പംപറമ്പിലിന് പ്രസ്തുത കമ്മറ്റി തീരുമാന പ്രകാരം 2019-20 വർഷത്തെ മീറ്റ് സ്റ്റാളിന്റെ കുത്തകാവകാശം 220000 രൂപക്ക് (550000x0.40=220000 ) നൽകി. തുടർന്ന് പ്രസ്തുത കുത്തകാവകാശം 2020-21 വർഷം 253000 രൂപക്കും 2021-22 വർഷം 290950 രൂപക്കും ലേലം നടത്താതെ തന്നെ ശ്രീ ഷെഫീക്ക് കുറുപ്പംപറമ്പിലിന് നൽകിയതായി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അറ്റ കുറ്റ പണികൾ നടത്താത്തതിനാൽ അറവു ശാല ലേലം ചെയ്യാൻ സാധിക്കാതെ വരികയും വരുമാന നഷ്ടമുണ്ടായതായും കാണുന്നു. പ്രസ്തുത അറവുശാലയുടെ അറ്റകുറ്റ പണികൾ നാളിതു വരെ പൂർത്തിയാക്കാത്തതിനും മീറ്റ് സ്റ്റാളിന്റെ 2020-21, 2021-22 വർഷത്തെ കുത്തകാവകാശം ലേലം നടത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/25.02.22) അറ്റ കുറ്റ പണികൾ നടത്താത്തതിനാലാണ് മീറ്റ് സ്റ്റാൾ ലേലം നടത്താത്തതെന്നും 2021-22 സാമ്പത്തിക വർഷം പ്ലാന്റ് പുനർ നിർമ്മാണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അറ്റകുറ്റ പണികൾ നടത്തി മീറ്റ് സ്റ്റാൾ ലേലം ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

**<u>1-22 വിനോദ നികുതി സെസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 1802292 രൂപയുടെ ബാദ്ധ്യത</u>**

2020-21 വർഷത്ത വാർഷികകണക്കുകളിലെ ബി-9 ഷെഡ്യൂൾപ്രകാരം (ശീർഷകം നം.350400107) വിനോദ നികുതി സെസ് ഇനത്തിൽ പിരിച്ചിട്ടുള്ള1802292 രൂപ ഗ്രാമപഞ്ചായത്തിന് തിരിച്ചടയ്ക്കുവാൻ ബാദ്ധ്യതയുള്ളതായി കാണുന്നു. പ്രസ്തുത തുക ഏത് വർഷം മുതലുള്ളതാണെന്നും തുക നാളിതുവരെ അടവാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.16/22.02.22) പ്രസ്തുത തുക 03.08.2016 മുതൽ 09.08.16 വരെയുള്ള കാലയളവിൽ പിരിച്ചിട്ടുള്ളതാണെന്നും പ്രളയ ദുരിതാശ്വസ പ്രവർത്തനങ്ങൾക്കും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വേണ്ടിവന്ന അധിക ചെലവ് മൂലം ഫണ്ടിന്റെ അപര്യാപ്തത നേരിട്ടതുകൊണ്ടാണ് തിരിച്ചടയ്ക്കാത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും ഇത്രയും വലിയ തുക പഞ്ചായത്തിന് ബാദ്ധ്യതയായി അവശേഷിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 ആട് വളർത്തൽ-വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 28/20-21 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | ആട് വളർത്തൽ (വനിത) . വികസനഫണ്ട് ( ജനറൽ) |
| ചെലവ് | 96000/- |
| ബിൽ നമ്പർ , തീയതി | 3/20-21 , 8.1.21 8/20-21, 18.3.21 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

ജനറൽ വിഭാഗത്തിൽ പെടുന്ന 16 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങിയതിന് 6000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് ( യൂണീറ്റ് കോസ്റ്റ് 12000 ). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം ആട് വളർത്തൽ പദ്ധതിക്ക് ജനറൽ/ പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ശ്രീമതി രമാദേവി തൊട്ടിയിൽ എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5 ) വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ നിന്ന് നഷ്ടപ്പെട്ടതാവാൻ സാദ്ധ്യതയുണ്ടെന്നാണ് മറുപടി ലഭ്യമായത്. രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

**1-24 മുട്ടക്കോഴി വളർത്തൽ (ജനറൽ) -വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 30/20-21 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | മുട്ടക്കോഴി വളർത്തൽ (വനിത) . വികസനഫണ്ട് ( ജനറൽ) |
| ചെലവ് | 184800/- |
| ബിൽ നമ്പർ , തീയതി | 6/20-21 , 16.3.21 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

ജനറൽ വിഭാഗത്തിൽ പെടുന്ന 308 ഗുണഭോക്താക്കൾക്ക് 10 മുട്ടക്കോഴി വീതം നൽകിയതിന് 60 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് ( യൂണീറ്റ് കോസ്റ്റ് 120, സബ്സിഡി 600 രൂപ ). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് ജനറൽ/ പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ലളിതരമണൻ , താഴപ്പള്ളിൽ |

| | |
|---|---|
| 2 | റുക്കിയ മഠത്തിക്കാലായിൽ |
| 3 | ബിജിമോൾ , ഇന്ദീവരം |
| 4 | ശ്രീവിദ്യ പാലയ്ക്കൽ , അടിയം |
| 5 | രത്നമ്മകുര്യൻ , മധുരക്കോട്ടിൽ |
| 6 | ലിൻസി, കദളിക്കാട്ട് |
| 7 | രാജലക്ഷ്മി പി , വാതലൂർ |
| 8 | ഷീജാസാലി , ചിറയിൽ |
| 9 | രമാദേവിഗോപി, തൊട്ടിയിൽ |

ടി ഗുണഭോക്താക്കൾക്ക് 5 ലക്ഷത്തിൽ താഴെയാണ് വാർഷിക വരുമാനമെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6 ) വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ നിന്ന് നഷ്ടപ്പെട്ടതാവാൻ സാദ്ധ്യതയുണ്ടെന്നാണ് മറുപടി ലഭ്യമായത്. രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

**<u>1-25 മുട്ടക്കോഴി വളർത്തൽ - വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ | 31/20-21 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | മുട്ടക്കോഴി വളർത്തൽ (വനിത) . വികസനഫണ്ട് ( എസ്.സി.പി) |
| ചെലവ് | 79200/- |
| ബിൽ നമ്പർ , തീയതി | 7/20-21 , 16.3.21 |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

എസ്.സിവിഭാഗത്തിൽ പെടുന്ന 88 ഗുണഭോക്താക്കൾക്ക് 10 മുട്ടക്കോഴി വീതം നൽകിയതിന് 90 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് ( യൂണീറ്റ് കോസ്റ്റ് 120, സബ്സിഡി 900 രൂപ ). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് ജനറൽ/ പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ആശ കെ.കെ, കരേപ്പറമ്പിൽ |
| 2 | ഷിബി, മിഞ്ചിയത്ത് വീട് |
| 3 | സരോജിനി, കുഴിയന്തടത്തിൽ |
| 4 | വിശാലം , ഓടാറ്റുചിറയിൽ |
| 5 | സരോജിനി, പാറക്കാലായിൽ |
| 6 | വിജിമോൾ, അറുപതിൽ വീട് |
| 7 | ധന്യപ്രവീൺ, പൂവള്ളിയിൽ |
| 8 | പത്മാക്ഷി, കുന്നന്തറക്കരിയിൽ |

ടി ഗുണഭോക്താക്കൾക്ക് 5 ലക്ഷത്തിൽ താഴെയാണ് വാർഷിക വരുമാനമെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/21.02.22) വരുമാന

സർട്ടിഫിക്കറ്റ് ഫയലിൽ നിന്ന് നഷ്ടപ്പെട്ടതാവാൻ സാദ്ധ്യതയുണ്ടെന്നാണ് മറുപടി ലഭ്യമായത്. രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അപാകതകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്.

**1-26 എസ്.സി വിവാഹധനസഹായം - വരുമാനപരിധി പാലിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 113/2020-21, എസ്.സി വിവാഹധനസഹായം |
| ചെലവ്, ഫണ്ടിനം | 300000/- , വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നമ്പർ , തീയതി | 4/18.2.21 |
| നിർവ്വഹണോദ്യോഗസ്ഥ | അസി. സെക്രട്ടറി |

തദ്ദേശസ്വയംഭരണവകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 7.2.1 പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹധനസഹായത്തിന് 300000 രൂപയാണ് വരുമാനപരിധി. എന്നാൽ ശ്രീമതി ബിന്ദു അനിരുദ്ധൻ , അറയ്ക്കൽ എന്ന ഗുണഭോക്താവിന്റെ വാർഷികവരുമാനം 336000 രൂപയാണ്. വരുമാനപരിധി പാലിക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/16.2.22) ഗുണഭോക്താവിന്റെ മറുപടിയടക്കം വിശദമായ മറുപടി ലഭ്യമാക്കി. നിലവിൽ രോഗബാധിതയാണെന്നും വാടകവീട്ടിലാണ് താമസമെന്നും നാട്ടുകാരുടെ സഹായംലഭിച്ചതിനാലാണ് വിവാഹം നടന്നതെന്നും ഗുണഭോക്താവ് അസി.സെക്രട്ടറിക്ക് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താവിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. സബ്സിഡികൾ നൽകുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

**1-27 അഗതിരഹിതകേരളം - അടിസ്ഥാനവികസനം നടപ്പാക്കുന്നില്ല.**

ആശ്രയ ഒന്ന് , രണ്ട് ഘട്ടങ്ങളിലായി വികസനഫണ്ട് , ചലഞ്ച് ഫണ്ട് ഇനങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | വികസനഫണ്ട് ലഭിച്ചത് | വികസനഫണ്ട് ചെലവഴിച്ചത് | ചലഞ്ച് ഫണ്ട് ലഭിച്ചത് | ചലഞ്ച് ഫണ്ട് ചെലവഴിച്ചത് | ബാലൻസ് തുക |
|---|---|---|---|---|---|
| ഒന്ന് | 1749800 | 1749800 | 1000000 | 248963 | 751037 |
| രണ്ട് | 5149800 | 2049800 | 992253 | 439705 | 3652548/- ( ചലഞ്ച് ഫണ്ട് 552548 , വികസനഫണ്ട് 3100000 ) |
| | | | | ആകെ | 44,03,585/- |

മേൽ തുകയും നാളിതുവരെയുള്ള പലിശയും സഹിതം 48,53,618 രൂപ അഗതിരഹിത കേരളത്തിനായി പുതുതായി രൂപീകരിച്ച അക്കൗണ്ടിലേക്ക് ( നമ്പർ 40541101027660 , ഗ്രാമീൺ ബാങ്ക് ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

2019-20 , 20-21 വർഷങ്ങളിലായി അഗതിരഹിതകേരളം പദ്ധതിക്കായി അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കൈമാറിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ , തീയതി | തുക | അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതി |
|---|---|---|---|
| 112/19-20 | 2/30.10.19 | 400000 | 17.11.19 |
| 116/20-21 | 2/5.11.20 | 400000 | 10.11.20 |

204 അഗതി ഗുണഭോക്താക്കളടങ്ങിയ പുതിയ പ്രോജക്ടിൽ വികസനഫണ്ട് 5529075 രൂപയും ചലഞ്ച് ഫണ്ട് 3974650 രൂപയുമാണ് അടങ്കൽ കണക്കാക്കിയിരിക്കുന്നത്. ഭക്ഷ്യധാന്യക്കിറ്റ് വിതരണത്തിനായി 2019-20 ൽ വികസനഫണ്ടിൽ നിന്നും 187972 രൂപയും 20-21 ൽ 132275 രൂപയും മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. 31.3.21 ൽ

ചെലവഴിക്കാതെ 47,61,804 രൂപ അക്കൗണ്ടിൽ ബാലൻസുണ്ട്. നിലവിൽ വികസനഫണ്ട് അതിജീവനാവശ്യങ്ങൾ , അടിസ്ഥാനസൗകര്യവികസനം , വികസനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ തുടങ്ങിയ പദ്ധതിയുടെ എല്ലാ ഘടകങ്ങൾക്കും ഉപയോഗിക്കാമെന്ന് ഇത് സംബന്ധിച്ച പരിചരണ മാർഗ്ഗരേഖയായ ജി.ഒ (എം.എസ് ) 252/2017/ ത.സ്വ.ഭ.വ തീയതി 12.12.17 ഖണ്ഡിക 3.2 ൽ പരാമർശിച്ചിട്ടുണ്ട്. ചെലവഴിക്കാതെ വലിയ തുക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/16.02.22) ഭവനം നിർമ്മിച്ച് നൽകാൻ അനുയോജ്യരായ കോൺട്രാക്ടർമാരെ കണ്ടെത്താത്തതാണ് അടിസ്ഥാനസൗകര്യവികസനത്തിലെ പ്രശ്നമെന്നാണ് ലഭിച്ച മറുപടി. തുക ചെലവഴിക്കുന്നില്ലായെങ്കിൽ സർക്കാരിലേക്ക് തിരികെ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട് - നടപ്പാക്കിയില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി താഴെപ്പറയുന്ന പ്രോജക്ട് വിഭാവനം ചെയ്തിരുന്നു.

| ക്രമനമ്പർ | പ്രോജക്ടിന്റെ നമ്പർ / പേര് | അടങ്കൽ തുക | ഫണ്ടിനം |
|---|---|---|---|
| 1 | അങ്കണവാടി സ്മാർട്ട് ക്ലാസ്സ് റൂം,151/19-20 | 100000 | വികസനഫണ്ട് പൊതുവിഭാഗം |

മേൽ പ്രോജക്ട് തൻവർഷം നടപ്പാക്കിയില്ല.മാത്രമല്ല 2020-21 വർഷം സ്പിൽ ഓവറായി നടപ്പാക്കിയതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/21.02.2022) ലഭ്യമാക്കിയ മറുപടിയിൽ അംഗനവാടി പ്രവർത്തകർക്ക് കംപ്യൂട്ടറുകൾ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണമാണ് പ്രോജക്ട് ഉപേക്ഷിച്ചതെന്ന് അറിയിച്ചു.പ്രോജക്ടുകൾ അവ പ്രാവർത്തികമാകുമെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം വിഭാവനം ചെയ്ത് നടപ്പാക്കേണ്ടതാണ്.പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-29 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -പ്രോജക്ട് നടപ്പാക്കിയില്ല

2019-20 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ, എൽ പി സ്കൂൾ നിർവ്വഹണോദ്യോഗസ്ഥനായി ജി എൽ പി എസ് സ്കൂളിലേയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ എന്ന പ്രോജക്ട് വിഭാവനം ചെയ്തിരുന്നു.70000 രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയിരുന്നത്(60000 – മെയ്ന്റനൻസ് ഫണ്ട് റോഡിതരം, 10000 – തനത് ഫണ്ട്).തൻവർഷം പ്രോജക്ട് നടപ്പാക്കിയില്ല.2020-21 വർഷം മേൽ പ്രോജക്ട് സ്പിൽ ഓവറായി വീണ്ടും വിഭാവനം ചെയ്തുവെങ്കിലും (പ്രോജക്ട് നം.237/2020-21 അടങ്കൽ - 60000 – മെയ്ന്റനൻസ് ഫണ്ട് റോഡിതരം, 10000 – തനത് ഫണ്ട്) ആ വർഷവും നടപ്പാക്കിയില്ല.പ്രോജക്ട് തുടർച്ചയായി നടപ്പാക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/20-21 21.02.21) ലഭ്യമാക്കിയ മറുപടിയിൽ ട്രഷറിയിൽ ഡിഡിഒ കോഡ് മാപ്പ് ചെയ്യാൻ സാധിക്കാത്തതിനാലാണ് പ്രോജക്ട് നടപ്പാക്കാതിരുന്നതെന്ന് അറിയിച്ചു.സാങ്കേതിക വിഷയങ്ങൾ പരിഹരിച്ച് പ്രോജക്ട് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 പാലിനു സബ്സിഡി - എല്ലാ മാസങ്ങളിലും സബ്സിഡി നൽകിയിട്ടില്ല.

ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പാലിനു സബ്സിഡി എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് | സബ്സിഡി ലഭ്യമാക്കിയ മാസങ്ങൾ |
|---|---|---|---|---|
| 1 | പാലിനു സബ്സിഡി (10/20-21) | 400000 വികസനഫണ്ട് ജനറൽ | 400000 (ബിൽ നം. 8/20-21 08.03.2021) | 04/20 - 11/20 |
| 2 | പാലിനു സബ്സിഡി(89/20-21) സ്പിൽ ഓവർ പ്രോജക്ട് | 300000 വികസനഫണ്ട് ജനറൽ | 300000 (ബിൽ നം. 4/20-21 24.04.2020) | 04/19 - 08/20 |
| | | ആകെ | 700000 | |

മേൽ പ്രോജക്ട് പ്രകാരം എല്ലാ മാസത്തേയും അളക്കുന്ന പാലിനു ആനുപാതികമായി സബ്സിഡി നൽകിയതായി കാണുന്നില്ല.ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (19/23.02.2022) ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് എല്ലാ മാസങ്ങളിലും സബ്സിഡി നൽകാതിരുന്നതെന്ന് അറിയിച്ചു.പഞ്ചായത്ത് ഫണ്ട് കൂടാതെ ജില്ലാ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഫണ്ടിന്റെ അപര്യാപ്തതകൾ പരിഹരിച്ച് ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി ലഭ്യമാകത്തക്ക വിധത്തിൽ പ്രോജക്ടുകൾ വിഭാവനം ചെയ്യേണ്ടതാണ്.

## 1-31 പത്രപരസ്യം- അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

വിവിധ പദ്ധതി നിർവ്വഹണം സംബന്ധിച്ച ടെൻഡർ നോട്ടീസുകൾ വിവിധ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ഇനത്തിൽ താഴെ ചേർക്കുന്ന പ്രകാരം വിവിധ പത്രസ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട് . ജി.ഒ(ആർ.ടി)1/2011/ പി.ആന്റ്.എ.ആർഡി,തീ.04.01.2011 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാതൃഭൂമി , മലയാള മനോരമ ദിനപ്പത്രങ്ങളിൽനിന്നും ഇത്തരത്തിൽ 15% ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

| ക്രമ നമ്പർ | സ്ഥാപനം | പരസ്യ തീയതി | തുക | ലഭ്യമാകേണ്ട ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | മലയാള മനോരമ | 18.03.2020 | 3528 | 529 |
| 2 | മാതൃഭൂമി | 29.02.2020 | 6300 | 945 |
| 3 | മലയാള മനോരമ | 05.10.2020 | 15120 | 2268 |

## 1-32 ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ - അപാകതകൾ

| പ്രൊജക്റ്റ് നമ്പർ | പദ്ധതി | ചെലവ് തുക |
|---|---|---|
| 220/21 | ഹരിതസഹായ സ്ഥാപനത്തിന് തുക കൈമാറൽ | 52000/- |

ഗ്രാമ പഞ്ചായത്തിലെ ഹരിത സഹായ സ്ഥാപനമായ അർച്ചന വിമൻസ് സെന്റർ എന്ന സ്ഥാപനത്തിന് 2020-21 ൽ 52000/- രൂപ നൽകിയിട്ടുണ്ട് . സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് ആവശ്യമായ പരിശീലനം , ജലാശയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് , മലിനീകരണം തടയുന്നതിനുള്ള കർമ്മ പരിപാടി, വിദഗ്ധർ , ടെക്നീഷ്യൻ എന്നിവരുടെ സേവനം എല്ലാ മാസവും ലഭ്യമാക്കൽ, പ്രതിമാസ പ്രവർത്തന റിപ്പോർട്ട് നൽകൽ (കരാർ ഖണ്ഡിക 4-16 മുതൽ) തുടങ്ങിയ സേവനങ്ങൾ സ്ഥാപനം നൽകേണ്ടതായിട്ടുണ്ട്. എന്നാൽ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് നൽകിയത് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത് . വിദഗ്ദ്ധർ , കോർഡിനേറ്റർ , ടെക്നീഷ്യൻ എന്നിവരുടെ സേവനം എല്ലാ മാസവും നിശ്ചിത കാലയളവിൽ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല . കരാർ പ്രകാരമുള്ള സേവനങ്ങൾ സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം തുടർന്നുള്ള മാസങ്ങളിലെ വിഹിതം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

## 1-33 ഗ്രാമ പഞ്ചായത്തിലെ അനുബന്ധ സ്ഥാപനങ്ങൾ നിലവിലും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ താഴെ ചേർക്കുന്ന അനുബന്ധ സ്ഥാപനങ്ങൾ നിലവിലും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായി കാണുന്നു.

1. പ്രാഥമിക ആരോഗ്യകേന്ദ്രം സബ് സെന്റർ , കോരിക്കൽ
2. എൻ എച്ച് എം ആയുർവ്വേദ ആശുപത്രി വടയാർ
3. ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസ്
4. പ്രാഥമിക ആരോഗ്യകേന്ദ്രം സബ് സെന്റർ , മിടായിക്കുന്നം

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ , ആസ്തി പരിപാലനം എന്നിവ 13 ആം പദ്ധതിയുടെ പ്രധാന ലക്ഷ്യമാണെന്നിരിക്കെ ടി സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

**1-34 വീട് വാസയോഗ്യമാക്കൽ പദ്ധതി- ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കിയിട്ടില്ല.**

വി.ഇ.ഓ നിർവ്വഹണോദ്യോഗസ്ഥനായ വീട്ടു വാസയോഗ്യമാക്കൽ പ്രോജക്ടിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ട് നം 200/ 20-21 – വീട് വാസയോഗ്യമാക്കൽ

ചെലവ്- 443612 (എസ്.എസ്.പി)

ബിൽ നം- 01/20-21 തീയതി 10.07.20 തുക 200000 രൂപ

പ്രസ്തുത പ്രോജക്ട് പ്രകാരം ശാന്തമ്മ എന്ന വ്യക്തിക്ക് ( അക്കൗണ്ട് നമ്പർ 40541100004457, എസ്.ബി.)അഡ്വാൻസായി 50000 രൂപ നൽകിയിട്ടുണ്ടെങ്കിലും പ്രോജക്ട് ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ടിയാരി ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയതായി കാണുന്നില്ല.

2) പ്രോജക്ട് നം 13/ 20-21 – വീട് വാസയോഗ്യമാക്കൽ

ചെലവ്- 100000 (എസ്.എസ്.പി)

ബിൽ നം- 05/20-21 തീയതി 26.02.21 തുക 50000 രൂപ

തങ്കമ്മ രാജൻ എന്ന വ്യക്തിക്ക് ( അക്കൗണ്ട് നമ്പർ 2507108023186, എസ്.ബി.) പ്രസ്തുത പ്രോജക്ട് പ്രകാരം ഭവന പുനരുദ്ധാരണത്തിനായി 50000 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിലും പ്രോജക്ട് ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ടിയാരി ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയതായി കാണുന്നില്ല.

പരാമർശിത വ്യക്തികൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/22.02.22) പ്രസ്തുത ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കിയിട്ടുള്ളതാണെന്നും വാല്യുവേഷൻ ലഭ്യമാകുന്ന മുറക്ക് അടുത്ത ഗഡു നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

**1-35 പഠനമുറി - പൂർത്തിയാക്കിയില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 234/2020-21, പഠനമുറി |
| ചെലവ്, ഫണ്ടിനം | 100000/- , വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നമ്പർ , തീയതി | 1/5.11.20 = 50000<br>7/10.3.21 = 50000 |
| നിർവ്വഹണോദ്യോഗസ്ഥ | അസി. സെക്രട്ടറി |

തൻവർഷം പഠനമുറി നിർമ്മാണത്തിന് രണ്ട് ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ആയതിൽ ബിൽ നമ്പർ 7/10.3.21 പ്രകാരം ആദ്യഗഡു കൈപ്പറ്റിയ ശ്രീ അനിൽകുമാർ ജി, വാളവേലിൽ എന്ന ഗുണഭോക്താവ് നാളിതുവരെ പഠനമുറി പൂർത്തിയാക്കിയിട്ടില്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി (നം. 2/16.02.22) നൽകുകയുണ്ടായി. ഗുണഭോക്താവ് പഠനമുറി പൂർത്തിയാക്കിയിട്ടുണ്ടെന്നും മൂല്യനിർണ്ണയം നടത്തിയ ശേഷം അടുത്ത ഗഡു നൽകുമെന്നാണ് മറുപടി ലഭ്യമായത്. അപാകത പരിഹരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-36 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി - അവലോകനം**

| | |
|---|---|
| പ്രോജക്ട് നമ്പർ, | 26/20-21 |
| ചെലവ്, ഫണ്ടിനം | 550000/-<br>വികസനഫണ്ട് |
| ബിൽ നമ്പർ, തീയതി | 4/21.12.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ജനറൽ വിഭാഗത്തിൽ പെട്ട 44 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണത്തിന് 12000 രൂപ വീതം സബ്സിഡി നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 2/21 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ സുഷമ പാലാന്തിയിൽ എന്ന ഗുണഭോക്താവ് 10/21 ന് ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8/21.02.22) നൽകുകയുണ്ടായി. സുഷമ പാലാന്തിയിൽ എന്ന ഗുണഭോക്താവിന്റെ കിടാരികൾ പദ്ധതി കാലയളവ് പൂർത്തിയാക്കുന്നതിന് മുമ്പ് മരണപ്പെട്ട് പോയതിനാലാണ് തുടർന്ന് ആനുകൂല്യം നൽകാത്തതെന്ന് മറുപടി ലഭ്യമാക്കി. ടി ഗുണഭോക്താവിന്റെ ബാക്കിയുള്ള ആനുപാതിക വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

പദ്ധതി കാലയളവിന് ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1-37 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.**

| പ്രൊജക്റ്റ് നമ്പർ | പദ്ധതി | ചെലവ് തുക | ബിൽ നം . തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 250/2021 | ജൽ ജീവൻ മിഷൻ പദ്ധതി | 538000 | 33/17.03.2021 | സെക്രട്ടറി |

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി 538000 രൂപ മാനേജിങ്ങ് ഡയറക്ടർ കെ ഡബ്ല്യു എ മെമ്പർ സെക്രട്ടറി SWSM , തിരുവനന്തപുരം - ന്റെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക കൈപ്പറ്റിയതിന്റെ രസീത്, പഞ്ചായത്ത് പ്രദേശത്ത് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല .

| പ്രൊജക്റ്റ് നമ്പർ | പദ്ധതി | ചെലവ് തുക | ബിൽ നം . തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 07/2020 | വിവിധ വാർഡുകളിൽ എൽ റ്റി സിംഗിൾ ഫേസ് ലൈൻ നീട്ടൽ | 110475 | 09/12.08.2020 | സെക്രട്ടറി |

കെ എസ് ഇ ബി യിൽ നിന്നുമുള്ള എസ്റ്റിമേറ്റ് , കരാർ , വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമായിട്ടില്ല .

ഈ സാഹചര്യത്തിൽ രണ്ട് പദ്ധതികളിലായി ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു

**1-38 ലൈബ്രറി സെസ് അടച്ചതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതാണ്**

2019-2020 രണ്ടാം അർദ്ധവർഷത്തിലെ ലൈബ്രറി സെസ് ചെക്ക് നമ്പർ 2489260 തീയതി 09.06.2020 പ്രകാരം 156110/- രൂപയും 2020-2021 ഒന്നാം അർദ്ധവർഷത്തിലെ ലൈബ്രറി സെസ് ചെക്ക് നമ്പർ 2489260 തീയതി 09.06.2020 പ്രകാരം 37179/-രൂപയും അടച്ചതായി കാണുന്നു. ലൈബ്രറി കൗൺസിലിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രസീത് ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-39 ഇ-ടെണ്ടർ- ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.**

5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2019-20 വർഷം വിവിധ വർക്കുകളിലായി ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം 12458/- രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ തലയോലപ്പറമ്പ് ശാഖയിൽ കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നം-38041763350). ടെൻഡർ ഫീ ഇനത്തിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള തുക കൂടാതെ മുൻവർഷങ്ങളിലേതുൾപ്പെടെ ലഭിക്കുവാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

**1-40 ലൈഫ് പദ്ധതി അവലോകനം. 2020-21**

ലൈഫ് ഭവനപദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ 8 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലും എസ്.സി വിഭാഗത്തിലുമായി ആകെ 3 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ഗുണഭോക്താക്കളിൽ 5 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 2020-21വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്ലാൻ ഫണ്ട് | ബ്ലോക്ക് വിഹിതം | സംസ്ഥാന വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | വായ്പ | ആകെ |
|---|---|---|---|---|---|---|
| 11/20-21 (ലൈഫ് ഭവന പദ്ധതി-ജനറൽ) | 2555117 (ജനറൽ) | 1960000 | | | 400000 | 4915117 |
| 12/20-21 (ലൈഫ് ഭവന പദ്ധതി-(എസ്.സി.പി) | 1200000(എസ്.സി.പി) | | | | | 1200000 |
| 203/20-21 (ലൈഫ് ഭവന പദ്ധതി-ജനറൽ) | 81804 | | | | | 81804 |

**1-41 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ**

2020-21 സാമ്പത്തിക വർഷം കോവിഡ്-19 ബോധവത്കരണം, ബ്രേക്ക് ദ ചെയിൻ ക്യാമ്പെയിൻ, മൈക്ക് അനൗൺസ്മെന്റ്, കമ്മ്യൂണിറ്റി കിച്ചൺ, സി.സി.സി എന്നിവയുടെ നടത്തിപ്പ്, കണ്ടെയിൻമെന്റ് സോൺ തിരിക്കൽ, തുടങ്ങിയ പ്രവർത്തികൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ രണ്ട് കോവിഡ് കെയർ സെന്ററുകൾ പ്രവർത്തിച്ചിരുന്നു. ഓയാസീസ് ലോഡ്ജ്,അലൻസ് ലോഡ്ജ് എന്നീ സ്ഥാപനങ്ങളാണ് കോവിഡ് കെയർ സെന്ററുകളായി പ്രവർത്തിച്ചിരുന്നത്.പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കോവിഡ് 2019 മായി ബന്ധപ്പെട്ട ചെലവുകൾ സംബന്ധിക്കുന്ന രജിസ്റ്റർ പ്രകാരം 718949/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.മേൽ തുകയിൽ ജില്ലാ കളക്ടറുടെ ഡി.എം 4710/2020/സി സി സി ബി 7 -/20 തീയതി 11.01.2021ഉത്തരവ് പ്രകാരം 297663 തിരികെ ലഭിച്ചിട്ടുണ്ട്. തിരികെ ലഭിക്കാൻ അവശേഷിക്കുന്ന 421286 ക്രമീകരിക്കേണ്ടതാണ്. പൊതു ജനങ്ങളിൽ നിന്നുള്ള സംഭാവനയിനത്തിൽ 16500 രൂപ തനത് ഫണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനങ്ങൾക്കായി 107665 രൂപയുടെ ഭക്ഷ്യവസ്തുക്കളും സംഭാവനയായി ലഭിച്ചിട്ടുണ്ട്. 2020-21 വാർഷികധനകാര്യപത്രികയിൽ 230800114 Expenses Related To Pandemic/Epidemic Control എന്ന ശീർഷകത്തിൽ 576280/- രൂപയുടെ ചെലവ് മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.142669 രൂപയുടെ ചെലവുകൾ അക്കൗണ്ട് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി -ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് 17/06/2020 ൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായുംഹാജരാക്കിയിട്ടുണ്ട് ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 14/2/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1960000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1960000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 907742 | നെൽകൃഷിക്ക് കൂലിച്ചെലവ് | 907742 | |
| ആകെ | | 3067742 | | 3067742 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 179500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 179500 | |
| | | 179500 | | 179500 | |

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിൽ ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | മുൻകൂർ നൽകിയ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | പേര്(പ്രോജക്റ്റ് നം.) | തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ എൽ റ്റി സിംഗിൾ ഫേസ് ലൈൻ നീട്ടൽ | 110475(ബിൽ നം.09/12.08.2020) | 0 | 110475 |
| കേരള വാട്ടർ അതോറിറ്റി | ജൽ ജീവൻ പദ്ധതി | 538000 (ബിൽ നം. 33/17.03.21) | | 538000 |
| | | | ആകെ | 648475 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2020-21 ൽ തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി(KURDFC) | ജി ഓ (എം എസ് ) നം 100/2018/ തസ്വഭവ,30.07.2018 | 6179412 | 0 | 951412 | 5228000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6287241 |
| തൻവർഷം നിക്ഷേപിച്ച തുക | 333757 |
| ആകെ | 6620998 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1437853 |
| 31/03/2021-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5183145 |

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തുക, വർഷം | പ്രാരംഭബാക്കി | 20-21 പലിശ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | വടയാർ എസ്.സി.ബി. FD No.09226 | 7,50,000 26.11.12 | 1349388 | 111325 | 1460713 |
| 2 | ഫാർമേഴ്സ് ബാങ്ക്, തലയോലപ്പറമ്പ് FD No.85025 | 7,50,000 28.11.12 | 1437853 | 80402 | 0 09.02.2021 ൽ പിൻവലിച്ചു |
| 3 | സൗത്ത് ഇൻഡ്യൻ ബാങ്ക്, തലയോലപ്പറമ്പ്-0802101000001646 | 2500000 | 2500000 | 165390 | 2665390 |

| | | | | | |
|---|---|---|---|---|---|
| | | 03.10.19 | | | |
| 4 | എസ്.ബി.ഐ,തലയോലപ്പറമ്പ് 39209454473 | 1000000 09.03.20 | 1000000 | 57042 | 1057042 |
| | **ആകെ** | **50,00,000** | 6287241 | 414159 | 5183145 |

ക്രമ നം.2 ലെ സ്ഥിര നിക്ഷേപം 09.02.2021 ലും ക്രമ നം.3 ലെ സ്ഥിര നിക്ഷേപം 10.01.2022 ലും ക്ലോസ് ചെയ്തതിനാൽ ഓഡിറ്റ് സമയത്ത് അവയുടെ സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ സ്ഥിര നിക്ഷേപ രജിസ്റ്റർ, വാർഷികകണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

**4-7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-9 | 2007-08 | 3-32-1 | വസ്ത്രനിർമ്മാണ യൂണിറ്റ് - അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2002-03 | ചെലവ് ഭാഗം 2 ഖ-19 | 2005-06 | 2-27-1 | SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1999-00 | 25(ബി), 33 | 2003-04 | പേജ് 63 | 1.എർത്ത് ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - 10,554 2.കർഷകർക്ക് വളം വിതരണം -അധിക സബ്സിഡി-15,608 | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ ഖ 5-1 പേജ് 57, 65, 76 | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 3-14 | 2016-17 | | ആവശ്യാധിഷ്ഠിതമല്ലാതെ അംഗനവാടികൾക്ക് എ സി വാങ്ങി സ്ഥാപിച്ചത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67887247 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67451644 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 648475 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 538000<br>110475 | ശ്രീ. സുനിൽ എസ്. സെക്രട്ടറി<br>ശ്രീമതി ഷീജമോൾ കെ. സെക്രട്ടറി-ഇൻ-ചാർജ്ജ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1997-98 വരവ് | എൽ.എഫ്.കെ.പി5/1062/07/30.06.09/6.10.09 | 5 |
| 1999-00 ചെലവ് | എൽ.എഫ്.കെ.പി5/1006/അദാ/14/7.1.15 | 12 |
| 1998-99 വരവ് | എൽ.എഫ്.കെ.പി5/1096/07/30.06.09/6.10.09 | |
| 1999-00 വരവ് | എൽ.എഫ്.കെ.പി5/1097/07/1.07.09/6.10.09 | |
| പ്ലാൻ 2000-01, 01-02 | എൽ.എഫ്.കെ.പി5/569/അദാ/14/7.1.15 | 11 |
| 2002-03, | എൽ.എഫ്.കെ.പി5/678/05/30.03.18 | |
| 2000-01 | എൽ.എഫ്.കെ.പി5/1098/07/30.06.09/14.9.09 | |

| | | |
|---|---|---|
| വരവ് | | |
| 2001-02 | എൽ.എഫ്.കെ.പി5/1082/08/30.03.10 | |
| 2003-04 | എൽ.എഫ്.കെ.പി5/1084/08/19.09.09/26.3.10 | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(3)/2018/16.02.18/14.03.18 | 10 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(4)/2018/16.02.18/14.03.18 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(5)/2018/16.02.18/14.03.18 | 8 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(2)/2018/16.02.18/14.03.18 | 12 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(6)/2018/16.02.18/14.03.18 | 7 |
| 2009-10 | എൽ.എഫ്.കെ.പി9/872/11/8.11.12 | |
| 2010-11 & 2011-12 | എൽ.എഫ്.കെ.പി9/920/13/28.01.14/3.2.14 | 32 |
| 2012-13 | എൽ.എഫ്.കെ.പി9/1832/14/10.05.19 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി9/163/16/21.03.16/23.03.16 | 5 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി9/967/16/12.7.16/21.07.16 | 16 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി8/1437/17/06.12.17 | 20 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി8/1335/17/19.01.18 | 19 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.8/1069/19 തീയതി 14.10.2019 | 14 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.8/1226/19 തീയതി 27.08.19/28.09.19 | 27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്